പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 130

# 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 130

# 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1036/2022

# 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—12009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2009-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 മേയ് 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2\. 4-ാം വകുപ്പിനുള്ള ഭേദഗതി.— 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (2009-ലെ 26) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "പ്രതിമാസം ഇരുപതു രൂപാ വീതം" എന്ന വാക്കുകൾക്ക് പകരം "പ്രതിമാസം അൻപത് രൂപാ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3\. സാധൂകരണം.—2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസിന് (2022-ലെ 4) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രാബല്യം ഇല്ലാതായിത്തീർന്നതിന് ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്ന എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഓരോ ആഭരണ തൊഴിലാളിയും സ്വയം തൊഴിൽ ചെയ്യുന്ന ആളും പ്രതിമാസം ഇരുപതു രൂപാ വീതം നിധിയിലേയ്ക്കുള്ള അംശദായമായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഓരോ അംഗവും നിധിയിലേയ്ക്ക് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ വർഷവും നൽകിയ തുകയുടെ അഞ്ച് ശതമാനത്തിനും തുല്യമായ തുക വർഷംതോറും, സർക്കാർ, നിധിയിലേയ്ക്കുള്ള അംശദായമായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

ആഭരണ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും ബോർഡിന്റെ ഭരണ ചെലവുകൾ വഹിക്കാനും കേരള ആഭരണ തൊഴിലാളി ക്ഷേമനിധിയുടെ വരുമാനം അപര്യാപ്തമായതിനാൽ ഓരോ ആഭരണ തൊഴിലാളിയും സ്വയംതൊഴിൽ ചെയ്യുന്ന ആളും നിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശദായം ഇരുപത് രൂപയിൽ നിന്നും അൻപത് രൂപയായി വർദ്ധിപ്പിക്കുന്നതിനായി 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2020-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2020 മേയ് 18-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 മേയ് 19-ാം തീയതിയിലെ 1213-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 34-ാം നമ്പർ ഓർഡിനൻസ് ആയി പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 61) , 2020-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 5), 2021-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 79), 2021-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 131), 2021-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 139), 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2022-ലെ 4) എന്നിവ കേരള ഗവർണർ വിളംബരപ്പെടുത്തിയിട്ടുള്ളതാണ്.

പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം 2022 ആഗസ്റ്റ് 8-ാം തീയതി ഇല്ലാതായിത്തീർന്ന സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടും, പ്രസ്തുത ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും ഈ ബിൽ ആക്റ്റായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയ്ക്കു മുമ്പുവരെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത എല്ലാ കാര്യങ്ങൾക്കും നടപടികൾക്കും സാധൂകരണം നൽകുന്നതിനായുള്ള ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ടുമുള്ള കേരള നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലാളിയും സ്വയം തൊഴിൽ ചെയ്യുന്ന ആളും പ്രതിമാസം നൽകേണ്ട അംശദായം ഇരുപത് രൂപയിൽ നിന്നും അൻപത് രൂപയായി വർദ്ധിപ്പിക്കുന്നുണ്ട്. പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ അംഗവും നിധിയിലേക്ക് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ വർഷവും നൽകിയ തുകയുടെ അഞ്ച് ശതമാനത്തിനു തുല്യമായ തുക വർഷം തോറും സർക്കാർ, നിധിയിലേക്കുള്ള അംശദായമായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. നിലവിൽ തൊഴിലാളികളും സ്വയംതൊഴിൽ ചെയ്യുന്ന ആളും അടക്കേണ്ട പ്രതിമാസ അംശദായം ഇരുപത് രൂപയിൽ നിന്നും അൻപത് രൂപയായി വർദ്ധിപ്പിക്കുകയും അപ്രകാരം അംശദായം വർദ്ധിപ്പിക്കുമ്പോൾ തൊഴിലാളികൾ നൽകുന്ന തുകയുടെ അഞ്ച് ശതമാനത്തിനു തുല്യമായ തുക വർഷം തോറും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നതിനാൽ സർക്കാർ പ്രതിവർഷം 4,06,548 രൂപ (നാലു ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) അധികമായി നൽകേണ്ടതായി വരുമെന്ന് കണക്കാക്കുന്നു.

അതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും പ്രതിവർഷം 4,06,548 രൂപ (നാലു ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) യുടെ ആവർത്തകചെലവ് പ്രതീക്ഷിക്കുന്നു. ഈ ഇനത്തിൽ അനാവർത്തക ചെലവൊന്നും വരുന്നതല്ല.

വി. ശിവൻകുട്ടി

## 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (2009-ലെ 26) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

*** *** *** ***

4. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ തൊഴിലാളിയും സ്വയംതൊഴിൽ ചെയ്യുന്ന ആളും പ്രതിമാസം ഇരുപതു രൂപാ വീതം നിധിയിലേയ്ക്കുള്ള അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ അംഗവും, നിധിയിലേക്ക് (1)-ാം ഉപവകുപ്പുപ്രകാരം ഓരോവർഷവും നൽകിയ തുകയുടെ അഞ്ച് ശതമാനത്തിനു തുല്യമായ തുക വർഷംതോറും സർക്കാർ, നിധിയിലേക്കുള്ള അംശദായമായി നൽകേണ്ടതാണ്.

(3) ഇപ്രകാരം അടയ്ക്കേണ്ടതായ അംശദായ തുക, പദ്ധതിയിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

*** *** *** ***